LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്കുള്ള ആനുകൂല്യങ്ങൾ

223 (1600) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിവകുപ്പ് മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ ലഭ്യമാക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

കൃഷിവകുപ്പ് മുഖേന നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, കരുമുളക് തുടങ്ങിയ (റബ്ബർ ഒഴികെയുള്ള) പ്രമുഖ വിളകളുടെ കൃഷി വ്യാപനത്തിനും ഉൽപ്പാദന വർദ്ധനവിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം ഓരോ വിളയ്ക്കും കൃഷി ചെയ്യുന്ന വിസ്തൃതിക്ക് ആനുപാതികമായി പദ്ധതി വ്യവസ്ഥ കളനുസരിച്ചുള്ള ധനസഹായം ലഭ്യമാക്കുന്നു.

ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിനുള്ള ആനുകാലികമായ അറിവ് കർഷകർക്ക് നൽകുന്നതിന്റെ ഭാഗമായി നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതികളായ ആത്മാ, ലീഡ്സ് എന്നിവയിലൂടെ പരിശീലനം, പഠനയാത്രകൾ, കൃഷിസ്ഥല പാഠശാലകൾ, പ്രദർശനത്തോട്ടങ്ങൾ, കർഷകരും, ശാസ്ത്രജ്ഞരും, വികസനോദ്യോസ്ഥരും തമ്മിലുള്ള ആശയവിനിമയ പരിപാടികൾ, ടെക്നോളജി മീറ്റ് മുതലായവ നടപ്പിലാക്കിവരുന്നു.

ആധുനിക കൃഷിരീതികളായ പോളിഹൗസ് കൃഷി, കൃത്യതാ കൃഷി, റെയിൽ ഷെൽട്ടർ, ഫെർട്ടിഗേഷൻ, സൂക്ഷ്മജലസേചനം തുടങ്ങിയവ നടപ്പാക്കുന്നതിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി കർഷകർക്ക് സാമ്പത്തിക ആനുകൂല്യവും സാങ്കേതിക അറിവും പ്രായോഗിക പിന്തുണയും നൽകുന്നുണ്ട്.

കാർഷികമേഖല നേരിടുന്ന തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖേന കർഷകർക്ക് പരിശീലനം നേടിയ തൊഴിലാളികളുടെ സേവനം യഥാസമയം കൃഷിപ്പണികൾ ചെയ്യുന്നതിന് മിതമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. കൂടാതെ വിവിധ പദ്ധതികളുടെ ഭാഗമായി കാർഷികോപകരണങ്ങളും കാർഷിക യന്ത്രങ്ങളും പുതുതായി വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം ലഭ്യമാക്കിവരുന്നു.

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും പച്ചക്കറികൃഷി വികസന പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകിവരുന്നു.

നെൽകൃഷിക്ക് പൂർണ്ണ സൗജന്യത്തിലും മറ്റ് വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിലും കാർഷികാവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

കേന്ദ്രഗവൺമെന്റ് പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും പദ്ധതി നിബന്ധനകൾക്കനുസരിച്ചുള്ള സാമ്പത്തിക ആനുകൂല്യം നൽകിവരുന്നു. ഗ്രാമമേഖലയിലുള്ള വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായോ മിതമായ നിരക്കിലോ കർഷകർക്ക് കൃഷിവകുപ്പിന്റെ ഫാമിൽനിന്നോ കൃഷിഭവനുകൾ മുഖേനയോ ലഭ്യതയനുസരിച്ച് നൽകിവരുന്നു. കൃഷിവകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന "ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ" മുഖേന വാഴ, കുരുമുളക്, പുഷ്പവർഗ്ഗ ചെടികൾ എന്നിവയുടെ ടിഷ്യുകൾച്ചർ തൈകൾ മിതമായ നിരക്കിൽ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കിവരുന്നു.

വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 25 പ്രമുഖ വിളകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. മിതമായ നിരക്കിലുള്ള പ്രീമിയം നൽകി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് പ്രകൃതിക്ഷോഭംമൂലം (നെൽകൃഷിക്ക് കീടരോഗ ബാധമൂലവും) വിളനാശം സംഭവിക്കുകയാണെങ്കിൽ പദ്ധതി നിബന്ധനകൾ അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ വിളനാശം സംഭവിക്കുന്നവർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും തുക ലഭ്യമാവുന്നതനുസരിച്ച് നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു.

ഇപ്രകാരം കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളാകാനുള്ള പൊതു മാനദണ്ഡം ഗുണഭോക്താക്കൾ ചെറുകിട നാമമാത്രക്കാരായിരിക്കണം എന്നതാണ്. അതായത് (രണ്ട് ഹെക്ടറിനു താഴെ കൃഷി ഭൂമിയുള്ളവർ).

കൂടാതെ 60 വയസ്സ് പിന്നിട്ട കൃഷി മുഖ്യവരുമാനമാർഗ്ഗമായതും വാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്തതുമായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 600 രൂപ പെൻഷനായും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly